DESPATCHED
On 11/06/2020

17/03/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2247(2)/2015**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.14710/എസ്.ഐ.സി-ജി 6/15

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.സി.രത്ന രാജ്
കോമേഴ്സ്യൽ ടാക്സ് ഓഫീസ്
മിനി സിവിൽ സ്റ്റേഷൻ
വടകര കോഴിക്കോട് } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യലയം
തിരുവനന്തപുരം, വഞ്ചിയൂർ പി.ഒ-695 035
2. അപ്പീൽ അധികാരി ആന്റ് അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്(എ ആന്റ് റ്റി)
ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യലയം
തിരുവനന്തപുരം, വഞ്ചിയൂർ പി.ഒ-695 035 } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.01.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.01.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 14.07.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 19.08.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03.09.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.09.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.09.2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20.10.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി തെറ്റായതും അപൂർണ്ണവുമായ മറുപടിയാണ് ലഭ്യമാക്കിയത് എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 28.01.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ടി ഓഫീസിന്റെ അധികാര പരിധിയിൽ സംസ്ഥാനത്തെ ജെ.പി.എച്ച്.എൻ മാരുടെ അംഗസംഖ്യ എത്രയെന്നും, ജെ.പി.എച്ച്.എൻ ഗ്രേഡ് 2 ഗ്രേഡ് 1 എന്നിവരുടെ റേഷ്യോ എത്രയാണെന്നുമായി 4 ഇനങ്ങളിലുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി 09.01.2015ന് മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 14.07.2015 അപ്പീൽ നൽകുകയും ആയതിന് രണ്ടാം എതിർകക്ഷി 19.08.2015 മറുപടി നൽകുകയും, ചെയ്തു.

4. 26.11.2019 ന് അപ്പീൽ അധികാരി സമർപ്പിച്ച റിപ്പോർട്ടിൽ 1975 മുതൽ 1994 വരേയും ഇതിനുശേഷം 1994 മുതൽ 2006 വരേയുള്ള കാലഘട്ടങ്ങളിൽ സേവനത്തിൽ പ്രവേശിച്ചിരുന്ന ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2 ജീവനക്കാരുടെ ലിസ്റ്റുകൾ നിലവിലുണ്ടെന്നും അതിൽ ആദ്യത്തേതിൽ 4133 ഉം രണ്ടാമത്തേതിൽ 3573 ഉം ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്നും, രണ്ടാമത്തെ സീനിയോറിറ്റി ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തിയാണ് ഹർജിക്കാരൻ പരാതിയിൽപ്പറയുന്ന വിഷയങ്ങൾ ഉന്നയിച്ചതെന്നും, സീനിയോറിറ്റി ലിസ്റ്റിലെ ജീവനക്കാരുടെ എണ്ണവും സംസ്ഥാനതലത്തിലുണ്ടാവുന്ന ഒഴിവുകളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും പി.എച്ച്.എൻ ഗ്രേഡ് 1 തസ്തികയിൽ നിന്നും ഉണ്ടാകുന്ന വിരമിക്കൽ പി.എച്ച്.എൻ (എൽ.എച്ച്.ഐ) തസ്തികകളിലേയ്ക്ക് നടക്കുന്ന സ്ഥാനക്കയറ്റം എന്നിവയിലൂടെ ഉണ്ടാകുന്ന ജെ.പി.എച്ച്.എൻ ഗ്രേഡ് 1 ഒഴിവുകളിലേയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസിർമാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സ്ഥാനക്കയറ്റം നടത്തുന്നതെന്നും, ഹർജിക്കാരൻ അപ്പീൽ നൽകുന്ന സമയത്ത് സംസ്ഥാനത്തിലാകെ 54 ജെ.പി.എച്ച്.എൻ ഗ്രേഡ് 1 ഒഴിവുകളാണുണ്ടായിരുന്നതെന്നും ആ വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്കെല്ലാം സമയബന്ധിതമായി തന്നെ നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയ്ക്ക് ടി ഓഫീസിൽ നിന്നും മറുപടി നൽകിയതായി കാണുന്നതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

res